Eff6.

"ഭരണഭാഷ- മാതൃഭാഷ"

5255

കേരള സർക്കാർ

<u>സംഗ്രഹം</u>

ആ.കു.വ - മെ.വി.വ - ജീവനക്കാര്യം - കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വിഭാഗത്തിലെ സീനിയർ റസിഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്ന ഡോ.അരുൺ.ഒ – യുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ആരോഗ്യകുടുംബക്ഷേമ (എസ്) വകുപ്പ്

**സ.ഉ.(സാധാ) നം.164/2021/ആ.കു.വ** തീയതി,തിരുവനന്തപുരം, 19/01/2021

പരാമർശം:- 1) 14/12/2016 – ലെ സ.ഉ(സാ.ധാ) 3321/2016/ആ.കു.വ നമ്പർ ഉത്തരവ്

2) 03/01/2018 – ലെ സ.ഉ(സാ.ധാ) 58/2018/ആ.കു.വ നമ്പർ ഉത്തരവ്

3) 18/12/2018 – ലെ സ.ഉ(സാ.ധാ) 3722/2018/ആ.കു.വ നമ്പർ ഉത്തരവ്

4) 03/01/2020 – ലെ സ.ഉ(സാ.ധാ) 19/2020/ആ.കു.വ നമ്പർ ഉത്തരവ്

5) ഡോ.അരുൺ.ഒ – യുടെ 03/10/2020 - ലെ അപേക്ഷ

6) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08/01/2021 തീയതിയിലെ എൻ.സി/21437/2016/ഡി.എം.ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പോരുവഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ.അരുൺ.ഒ - യ്ക്ക്, ഡെപ്യൂട്ടേഷന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം 1 - ലെ ഉത്തരവ് പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വിഭാഗത്തിലെ സീനിയർ റസിഡന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2,3,4 എന്നിവയിലെ ഉത്തരവുകൾ പ്രകാരം ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചും നൽകിയിരുന്നു. അനുവദിച്ചിരുന്ന ഡെപ്യൂട്ടേഷൻ കാലാവധി 11/01/2021 ൽ അവസാനിക്കുന്നതിനാൽ ഡെപ്യൂട്ടേഷൻ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഡോ.അരുൺ.ഒ പരാമർശം 5 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ ഡെപ്യൂട്ടേഷൻ കാലാവധി ഒരു വർഷത്തേക്കു കൂടിയോ അല്ലെങ്കിൽ ബോണ്ടഡ് സീനിയർ റസിഡന്റിനെ പ്രസ്തുത തസ്തികയിൽ നിയമിക്കുന്നത് വരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം 6 പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടിയാന് ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ചു നൽകുന്നതിൽ ആരോഗ്യ വകുപ്പിന് തടസമില്ലായെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു . പ്രസ്തുത കോളേജിലെ ആസന്നമായിരിക്കുന്ന നാഷണൽ മെഡിക്കൽ കമ്മീഷന്റെ നാലാമത്തെ ഇൻസ്പെക്ഷൻ കണക്കിലെടുത്തുകൊണ്ട് ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് സർജനും നിലവിൽ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ ഇ.എൻ.ടി വിഭാഗത്തിലെ സീനിയർ റസിഡന്റ് തസ്തികയിൽ

ഡെപ്യൂട്ടേഷനിൽ തുടർന്നു വരുന്നതുമായ ഡോ.അരുൺ.ഒ – യുടെ ഡെപ്യൂട്ടേഷൻ കാലാവധി 12/01/2021 മുതൽ ആറ് മാസത്തേക്കോ ബോണ്ടഡ് സീനിയർ റസിഡന്റിനെ പ്രസ്തുത തസ്തികയിൽ നിയമിക്കുന്നത് വരെയോ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതുവരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) അനുമതിയില്ലാതെ അന്യത്ര സേവന വ്യവസ്ഥയിൽ തുടരുന്നത് കെ.എസ്സ്.ആർ ഭാഗം 1 ചട്ടം 140(C) പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് കാരണമാകുന്നതും, ഇക്കാലയളവിൽ അർഹമാകുന്ന ഇൻക്രിമെന്റ് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതുവരെ സഞ്ചിത ഫലത്തോടെ മാറ്റിവെയ്ക്കപ്പെടുന്നതും, ഇക്കാലയളവ് പെൻഷൻ അനുകൂല്യങ്ങൾക്കായി കണക്കാക്കുകയോ മുൻകാല-പ്രാബല്യത്തോടെ ക്രമീകരിച്ചു നൽകുകയോ ചെയ്യുന്നതുമല്ല. കൂടാതെ നിലവിലെ അന്യത്ര സേവന കാലയളവ് അവസാനിച്ചു കഴിഞ്ഞും അനുമതിയില്ലാതെ തുടർന്നാൽ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൈപ്പറ്റുന്നത് തടയപ്പെടുന്നതുമാണ്. ഡെപ്യൂട്ടേഷൻ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവാകാത്ത പക്ഷം അനുവദിച്ച അന്യത്ര സേവനകാലം അവസാനിക്കുന്ന മുറയ്ക്ക് ഡോ.അരുൺ.ഒ - യെ വിടുതൽ ചെയ്തു മാതൃവകുപ്പിലേക്കു തിരിച്ചയയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനു.ബി**

**അഡിഷണൽ സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡോ.അരുൺ.ഒ, സീനിയർ റസിഡന്റ് (ഡെപ്യൂട്ടേഷൻ) , ഇ.എൻ.ടി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം

മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, പോരുവഴി, കൊല്ലം

പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്

ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by KISHOR KUMAR K V
Date: 2021.01.20 11:27:50 IST
Reason: Approved

സെക്ഷൻ ഓഫീസർ

23.1.2021